# Malayala Manorama

## 17 August 2018

## Vypin: Tide and flood, Road under water

### വൈപ്പിൻ കടലോര മേഖലകളിൽ കടൽക്ഷോഭം, വെള്ളപ്പൊക്കം; റോഡുകൾ വെള്ളത്തിൽ

വൈപ്പിൻ ● ദ്വീപിന്റെ തീരമേഖലകൾ പ്രളയ ദുരിതത്തിൽ. കിഴക്കു കായലിന്റെ തീരത്തും പടിഞ്ഞാറ് കടലിനോടു ചേർന്നും താമസിക്കുന്നവരെയാണു വെള്ളപ്പൊക്കം രൂക്ഷമായി ബാധിച്ചത്. ഒട്ടേറെപ്പേരെ ക്യാപുകളിലേക്കു മാറ്റി. ദ്വീപിന്റെ മധ്യമേഖലയിലുള്ളവരെ ദുരിതം കാര്യമായി ബാധിച്ചില്ല. എന്നാൽ കിഴക്കൻ തീരത്തു കായലിലെ ജലനിരപ്പ് ഉയർന്നതോടെ വെള്ളം പുരയിടങ്ങളിലേക്കു കയറി. കായലിൽ നിന്നു പടിഞ്ഞാറേക്കുള്ള കൈവഴികളായ തോടുകളിലും വെള്ളം നിറഞ്ഞു. ചെമ്മീൻപാടങ്ങളും നിറഞ്ഞുകവിഞ്ഞ അവസ്ഥയിലാണ്. ഇവയുടെ തീരങ്ങളിൽ താമസിക്കുന്നവർ ആശങ്കയിലാണ്.

കടലോരമേഖലകളിൽ ആദ്യം പ്രശ്നം രൂക്ഷമല്ലായിരുന്നെങ്കിലും കടൽക്ഷോഭം ശക്തമായതോടെ സ്ഥിതി മാറി. നേരത്തെ കായലിൽ നിന്നെത്തിയ വെള്ളം കടലിലേക്കാണ് ഒഴിഞ്ഞുപോയിരുന്നതെങ്കിൽ അവിടെ നിന്നു തിരമാലകൾ ഇങ്ങോട്ട് അടിച്ചുകയറാൻ തുടങ്ങിയതോടെ ഒട്ടേറെ വീടുകളിൽ വെള്ളം കയറി. ഇവിടെനിന്നുള്ള താമസക്കാരെയാണ് ആദ്യം സമീപത്തെ സ്കൂളുകളിൽ സജ്ജമാക്കിയ ക്യാംപുകളിലേക്കു മാറ്റിയത്. ഉൾപ്രദേശങ്ങളിലെ പോക്കറ്റ് റോഡുകൾ പലതും വെള്ളത്തിൽ മുങ്ങി. മരങ്ങൾ പലയിടത്തും കടപുഴകി. ഞാറയ്ക്കലിലും മറ്റും ഇത്തരം സംഭവങ്ങളിൽ വീടുകൾക്കു കേടുപാടു സംഭവിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനപാതയിൽ കാര്യമായ വെള്ളപ്പൊക്കമോ ഗതാഗതതടസ്സമോ ഇല്ല.